(സി) സ്വകാര്യ ആശുപത്രികൾക്ക് ലൈസൻസ് എടുക്കണമെന്നുള്ള വ്യവസ്ഥ സുപ്രീം കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ കേരള ഹൈക്കോടതിയുടെ പരിഗണനയിലാണ്.

പട്ടയവും കൈവശാവകാശരേഖകളും നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശം

*26 [26] *ശ്രീ. എം. എ. വാഹിദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടയവും കൈവശാവകാശരേഖകളും നൽകുന്നതിന് സർക്കാർ എന്തെങ്കിലും മാർഗ്ഗനിർദ്ദേശം നൽകിയിരുന്നുവോ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ പട്ടയം ലഭിക്കുന്നതിന് വ്യക്തമായ മാനദണ്ഡം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി *(ശ്രീ. കെ. എം. മാണി):*

(എ) സംസ്ഥാനത്ത് പഞ്ചായത്ത് പ്രദേശങ്ങളിലെ സർക്കാർ ഭൂമിക്ക് പട്ടയം നൽകുന്നത് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും, മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമിക്ക് പട്ടയം നൽകുന്നത് 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവുമാണ്. 7-7-1997-ലെ ജി.ഒ. (എംഎസ്.) നമ്പർ 511/97/റവന്യൂ, 29-9-1998-ലെ ജി.ഒ. (എംഎസ്.) നമ്പർ 502/98/ആർ.ഡി., 4-12-1999-ലെ ജി.ഒ. (എംഎസ്.) നമ്പർ 496/99/ആർ.ഡി. എന്നീ ഉത്തരവുകൾ പ്രകാരവുമാണ് കൈവശരേഖ നൽകുന്നത്.

(ബി) ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി† ചേർത്തിട്ടുണ്ട്.

(സി) ബാധകമല്ല.

ജനനി സുരക്ഷാ യോജന പദ്ധതി

*27 [27] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ "ജനനി സുരക്ഷാ യോജന" സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുടെ പ്രയോജനം എല്ലാ ഗുണഭോക്താക്കളിലും എത്തിക്കുന്നതിന് പബ്ലിസിറ്റി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) & (ബി) ഉണ്ട്. 31-3-2005 വരെ നടപ്പാക്കിവന്ന നാഷണൽ മറ്റേണിറ്റി ബെനഫിറ്റ് സ്കീമിന്റെ പരിഷ്കരിച്ച പതിപ്പാണ് ജനനി സുരക്ഷാ യോജന. നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ കീഴിൽ 100% കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൻകീഴിൽ പഞ്ചായത്തുകളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പത്തൊൻപതോ, അതിനു മുകളിലോ പ്രായമുള്ള സ്ത്രീകളുടെ ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് (ജീവനുള്ള കുഞ്ഞിനെ പ്രസവിക്കുമ്പോൾ) 700 രൂപവീതം ധനസഹായം നൽകുന്നതാണ്. ആശുപത്രികളിലുള്ള പ്രസവം പ്രോൽസാഹിപ്പിക്കുക, പോഷകാഹാരക്കുറവ് പരിഹരിക്കുക, ആശുപത്രിയിലേക്കുള്ള യാത്രയ്ക്കുപയോഗിക്കൽ തുടങ്ങിയവയ്ക്കാണ് ഈ ധനസഹായം നൽകുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് 3 കോടി രൂപയ്ക്കുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമായാലുടൻ പദ്ധതിയുടെ പ്രയോജനം സംസ്ഥാനത്ത് ലഭ്യമാക്കിത്തുടങ്ങുന്നതാണ്. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിന്റെ പക്കൽ കുറഞ്ഞത് 1500 രൂപ കാഷ് അഡ്വാൻസ് ഉണ്ടായിരിക്കണം. ഗവൺമെന്റ് സ്പെഷ്യലിസ്റ്റ് (ഗൈനക്കോളജിസ്റ്റ്/അനസ്തെറ്റിസ്റ്റ്) ഇല്ലാത്ത സമയത്ത് 1500 രൂപവരെ മുടക്കി സ്വകാര്യ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ബ്ലോക്കിലെ ഗവൺമെന്റ് ആശുപത്രിയിൽ പ്രസവശുശ്രൂഷയ്ക്ക് സൗകര്യമില്ലാത്ത സാഹചര്യത്തിൽ അംഗീകരിക്കപ്പെട്ട 2 സ്വകാര്യ ആശുപത്രികളിൽ നടക്കുന്ന പ്രസവങ്ങൾക്ക് ഈ ആനുകൂല്യം ബാധകമാണ്.

(സി) ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ മുഖേനയും വാർത്താ മാദ്ധ്യമങ്ങളിൽക്കൂടിയും ഈ പദ്ധതിയെക്കുറിച്ച് ഗുണഭോക്താക്കൾക്ക് അറിവ് നൽകുന്നതാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മന്ത്രിസഭാംഗങ്ങളുടെ പ്രഖ്യാപിത പദ്ധതികൾ

1 [2] *ശ്രീ. കോടിയേരി ബാലകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സർക്കാരിനു വേണ്ടി മുഖ്യമന്ത്രിയും വകുപ്പുമന്ത്രിമാരും എന്തെല്ലാം പുതിയ പദ്ധതികളും പരിപാടികളും പ്രഖ്യാപിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly